ഉത്തരം.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. കെട്ടിടം അപകടനിലയിലല്ല. ചില അറ്റകുറ്റങ്ങൾ ഉള്ളതു് ഉടൻ ശരിയാക്കുന്നതിനു് നടപടിയെടുക്കുന്നുണ്ട്.

(സി) നടപടികൾ എടുക്കുന്നുണ്ട്.

നാരങ്ങാനം സബ്ബർ പ്രൈമറിസ്കൂൾ.

278. [42] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

പത്തനംതിട്ട താലൂക്കിൽ കോഴഞ്ചേരി പ്രൈമറിസ്കൂൾ ഇൻസ്പെക്ടരുടെ കീഴിലുള്ള നാരങ്ങാനം സബ്ബർ പ്രൈമറിസ്കൂളിൽ ഇപ്പോൾ സ്ഥലം പോരാത്തതിനാൽ കൂടുതൽ കെട്ടിടം പണിയിക്കുന്നതിനു് വേണ്ട നടപടി നടത്തുമോ?

ഉത്തരം

കൂടുതൽ കെട്ടിടം പണിക്കുവേണ്ട നടപടി നടത്തുന്നുണ്ടു്. പ്രസ്തുത സ്കൂളിന്റെ പേരു് തുളിക്കുളം പ്രൈമറിസ്കൂൾ എന്നാണു്.

സ്റ്റാമ്പു വെണ്ടറന്മാർക്കു കമ്മിഷൻ.

279. [50] ശ്രീ. എം. എ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം കൊച്ചി വിഭാഗത്തിലെ സ്റ്റാമ്പു വെണ്ടറന്മാർക്കു 5 ശതമാനം കമ്മിഷൻ ഉണ്ടായിരുന്നതിനെ 2 ശതമാനമാക്കി കുറച്ചതിനെ സംബന്ധിച്ചു് ഗവണ്മെന്റിലേക്കു് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ;

(സി) തീരുമാനം ഒന്നും ചെയ്തിട്ടില്ലെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു് പരാതി പരിഹരിക്കുന്നതിനു വേണ്ടതു ചെയ്യുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) പുതിയ സ്റ്റാമ്പു ഡിസൈനിന്റെ പ്രവർത്തനം കുറച്ചുനാളത്തേക്കു പരിശോധിച്ചതിനുശേഷം മാത്രമേ ആ പരാതികളിന്മേൽ ഒരു അവസാനതീരുമാനം എടുക്കുവാൻ സാധ്യമാവൂ.

(സി) മുൻചോദ്യത്തിന്റെ ഉത്തരത്തെ പരിഗണിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly